## കൂരോപ്പട ഗ്രാമപഞ്ചായത്ത്

# പൌരാവകാശ രേഖ

## 2026

## ആമുഖം

ജനകീയ ആസൂത്രണം കേരളത്തിൽ നടപ്പിലാക്കിയിട്ട് 28 സുദീപ്ത വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ എന്നപോലെ ജനങ്ങൾക്ക് നൽകേണ്ടുന്ന വിവിധ സേവനങ്ങളിലും പ്രതിജ്ഞാബദ്ധമാണ് പ്രാദേശിക സർക്കാർ അഥവാ പഞ്ചായത്ത് എന്ന് പഞ്ചായത്ത് രാജ് നിയമം ഉദ്ഘോഷിക്കുന്നു. ഈ നിയമത്തിൽ വ്യവസ്ഥാപിതമായിരിക്കുന്ന സുപ്രധാനമായ വകുപ്പാണ് പൗരാവകാശരേഖ. ഒരു പ്രദേശവാസിക്ക് എല്ലാ നടപടിക്രമങ്ങളും പാലിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന സേവനം ആവശ്യപ്പെടുന്ന പക്ഷം സമയബന്ധിതമായി ലഭിക്കുവാൻ അവകാശമുണ്ട് പഞ്ചായത്തിൻറെ ദൈനംദിന പ്രവർത്തനങ്ങളുടെ ഒരു കണ്ണാടിയാണ് പൗരാവകാശ രേഖ.

പഞ്ചായത്തിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ കൂടാതെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ, അതിനു വേണ്ടി പൊതുജനം സമർപ്പിക്കുന്ന രേഖകൾ, പാലിക്കേണ്ട നിബന്ധനകൾ ഇവയെല്ലാം പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്ത് അംഗീകരിച്ച് ഓരോ പൗരൻറെയും അറിവിലേക്കും വിവേകപൂർണമായ വിനിയോഗത്തിനുമായി ഈ പൗരാവകാശ രേഖ യിലൂടെ തയ്യാറാക്കിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പൊതുജനങ്ങളുടെ അറിവിലേക്കായും പഞ്ചായത്തിൻറെ കാര്യക്ഷമത ഉറപ്പാക്കുന്നതിനുമായും ഈ പൗരാവകാശരേഖ സമർപ്പിക്കുന്നു.

ഭരണസമിതിക്കു വേണ്ടി

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| അമ്പിളി ആർ<br>സെക്രട്ടറി | ഈ എസ് വിനോദ്<br>പ്രസിഡൻ്റ് |

**<u>ഉള്ളടക്കം</u>**


| ക്രമ നമ്പർ | വിശദാംശങ്ങൾ | | പേജ് നമ്പർ |
|---|---|---|---|
| 1. | ഭരണസമിതി അംഗങ്ങൾ | – | 4 |
| 2. | ജീവനക്കാർ | – | 7 |
| 3. | നിർവ്വഹണ ഉദ്യോഗസ്ഥർ | – | 8 |
| 4. | പ്രസിഡന്റ് നൽകുന്ന സേവനങ്ങൾ | – | 9 |
| 5. | സേവനാവകാശ പ്രകാരം ലഭിക്കുന്ന സേവനങ്ങൾ | – | 11 |
| 6. | പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ | – | 23 |
| 7. | ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് | – | 26 |
| 8. | കുടുബാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള സേവനങ്ങൾ | – | 28 |
| 9. | ഐ.സി.ഡി.എസ് സേവനങ്ങൾ | – | 30 |
| 10. | ആയുർവേദ ഹോസ്പിറ്റൽ, ഹോമിയോ ഡിസ്പെൻസറി സേവനങ്ങൾ | – | 31 |
| 11. | മൃഗാശുപത്രി സേവനങ്ങൾ | – | 32 |
| 12. | കൃഷി ഓഫീസ് സേവനങ്ങൾ | – | 35 |
| 13. | സ്കൂൾ സേവനങ്ങൾ | – | 40 |
| 14. | ഹരിത കർമ്മസേനയിൽ നിന്നുള്ള സേവനങ്ങൾ | – | 41 |
| 15. | നൂതനപരാതിപരിഹാരസംവിധാനം -സിറ്റിസൺ അസിസ്റ്റൻറ് | – | 42 |

# ഭരണസമിതി അംഗങ്ങൾ



[redacted]



**ഈ.എസ് വിനോദ്**

പ്രസിഡന്റ്

**ഷീലാ ചെറിയാൻ**

വൈസ് പ്രസിഡന്റ്



**പി ബി ദിലീപ് കുമാർ**

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ



**ശ്രീലതപ്രകാശ്**

ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ



**ജിൻസമ്മ മാത്യു**

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ


വി.എം മാത്യു


സന്ധ്യാ ജി നായർ


മഞ്ജു കൃഷ്ണകുമാർ


സാവിത്രിയമ്മ എസ് നായർ


നിധീഷ് മോൻ പി റ്റി


ശ്രീജമോൾ റ്റി എസ്


വീണമോൾ റ്റി


ജ്യോതിമോൾ റ്റി


ഷിബു എം ജെ


ഉമാദേവി ഒ


മോഹനൻ റ്റി .ജി


റ്റി എം ആന്റണി


അനുജ എസ്


കെ എ ഫിലിപ്പ്

## കുരോപ്പട ഗ്രാമപഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| ശ്രീ ഈ.എസ് വിനോദ് | – | പ്രസിഡന്റ് |
| ശ്രീമതി. ഷീല ചെറിയാൻ | – | വൈസ് പ്രസിഡന്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| ശ്രീ. പി ബി ദിലീപ് കുമാർ | – | വികസനകാര്യാ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ |
| ശ്രീമതി. ജിൻസമ്മ മാത്യു | – | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| ശ്രീമതി. ശ്രീലതപ്രകാശ് | – | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ |

## വാർഡ് മെമ്പർമാർ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | വാർഡ് മെമ്പറുടെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | കണ്ണൻകുന്ന് | വി എം മാത്യു | 9605529699 |
| 2 | കുറ്റിക്കാട് | സന്ധ്യാ ജി നായർ | 8111878734 |
| 3 | കണ്ണാടിപ്പാറ | മഞ്ജു കൃഷ്ണകുമാർ | 9656518682 |
| 4 | എരുത്തുപുഴ | സാവിത്രി എസ് നായർ | 7034939291 |
| 5 | കുരോപ്പട | ഈ എസ് വിനോദ് | 8848778291 |
| 6 | മാടപ്പാട് | നിധീഷ് മോൻ പി റ്റി | 9946464294 |
| 7 | ഇടയ്ക്കാട്ട്കുന്ന് | ശ്രീജമോൾ റ്റി എസ് | 7034147298 |
| 8 | പാനാപ്പള്ളി | ഷീലാ ചെറിയാൻ | 9496026472 |
| 9 | നടേപ്പീടിക | വീണമോൾ റ്റി | 8547576918 |
| 10 | പുത്തൻകണ്ടം | ജിൻസമ്മ മാത്യു | 9207416293 |
| 11 | കോത്തല | ജ്യോതിമോൾ റ്റി | 9496501794 |
| 12 | പുതുവയൽ | ഷിബു എം ജെ | 9495444330 |

| | | | |
|---|---|---|---|
| 13 | കുപ്പത്താനം | ശ്രീലതപ്രകാശ് | 9947909019 |
| 14 | പങ്ങട | ഉമാദേവി | 9847408970 |
| 15 | ആനിവയൽ | മോഹനൻ റ്റി.ജി | 8606821687 |
| 16 | കൊച്ചുപറമ്പ് | പി ബി  ദിലീപ് കുമാർ | 9496911359 |
| 17 | ചാക്കാറ | റ്റി.എം. ആൻറണി | 9495235364 |
| 18 | കൂരോപ്പട ടൌൺ | അനുജ എസ് | 9446211777 |
| 19 | ളാക്കാട്ടൂർ | കെ എ ഫിലിപ്പ് | 9645819550 |

| കൂരോപ്പട ഗ്രാമപഞ്ചായത്ത് ജീവനക്കാർ | | |
|---|---|---|
| പേര് | തസ്തിക | ഫോൺ നമ്പർ |
| ശ്രീമതി. അമ്പിളി ആർ | സെക്രട്ടറി | 8075564067 |
| ശ്രീമതി.സിന്ധു സി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 94646388678 |
| ശ്രീ അനീഷ് വർമ്മ പി ഐ | ഹെഡ്ക്ലാർക്ക് | 9074248214 |
| ശ്രീമതി.യമുന പി.എസ് | അക്കൌണ്ടന്റ് | 9605104702 |
| ശ്രീ. പ്രദീപ് കുമാർ ബി | സീനിയർക്ലാർക്ക് | 9656205093 |
| ശ്രീമതി ബിജിലിമോൾ പി ജോസഫ് | സീനിയർക്ലാർക്ക് | 8921061899 |
| ശ്രീ. മധു റ്റി.എം. | ക്ലാർക്ക് | 9188767401 |
| ശ്രീമതി. നവമി.സി | ക്ലാർക്ക് | 9400272148 |
| ശ്രീമതി. രേഷ്മ ജെ.എസ് | ക്ലാർക്ക് | 9605891623 |
| ശ്രീ. ആദർശ്.എ | ക്ലാർക്ക് | 8589081556 |
| ശ്രീ ടോബിൻ ടോം | ക്ലാർക്ക് | 8547992625 |
| ശ്രീമതി.സ്മിത നാരായൺ | ഓഫീസ് അറ്റൻഡന്റ് | 9895661836 |

| | | |
|---|---|---|
| ശ്രീമതി.ഗോപിക കെ.ജി | ഓഫീസ് അറ്റൻഡന്റ് | 8606675706 |
| ശ്രീ. അജിമോൻ പി.ആർ | ഡ്രൈവർ | 9947376746 |
| ശ്രീ. മഹേഷ് എസ്സ് നായർ | ടെക്നിക്കൽ അസിസ്റ്റൻറ് | 9447601932 |
| ശ്രീമതി.ദേവിക കെ എസ് | പ്രൊജക്ട് അസിസ്റ്റൻറ് | 7510450399 |
| ശ്രീമതി. ആശാമോൾ കെ | പി.റ്റി.എസ് | 7306880339 |
| ശ്രീമതി.ഷീജാമോൾ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 9495646259 |
| ശ്രീമതി.ആതിര ബി | ഓവർസിയർ ഗ്രേഡ് 3 | 8547730246 |
| ശ്രീമതി.ആര്യ ബാലകൃഷ്ണൻ | ഓവർസിയർ ഗ്രേഡ് 1 | 9495157389 |
| ശ്രീമതി.നീതു കെ ബാബു | ക്ലർക്ക്(എ.ഇ.ഓഫീസ് ) | 9744925336 |
| ശ്രീ.രാജേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9895054140 |
| ശ്രീ.അലക്സ് ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| കുമാരി. ആതിര വേണുഗോപാൽ | അക്രഡിറ്റഡ് എഞ്ചിനീയർ (VB-GRAM-G) | 8129353547 |
| ശ്രീമതി.ആതിര ബാബു | ഓവർസിയർ (VB-GRAM-G) | 7510889963 |
| ശ്രീമതി. മഞ്ജു ബി നായർ | ഡേറ്റാ എൻട്രി ഓപ്പറേറ്റർ ((VB-GRAM-G) | 9539212108 |
| ശ്രീമതി.അന്നാമ്മ ഉലഹന്നാൻ | കുടുംബശ്രീ ചെയർപേഴ്സൺ | 9495895411 |
| ശ്രീമതി.ജയന്തി പി | അക്കൌണ്ടന്റ് കുടുംബശ്രീ | 9388516178 |

# വിവരാവകാശ നിയമം 2005

## പൊതുവിവര ഓഫീസർ (PIO)

അമ്പിളി  ആർ
സെക്രട്ടറി,കൂരോപ്പട ഗ്രാമപഞ്ചായത്ത് , കൂരോപ്പട പി ഒ, കോട്ടയം
ഫോൺ : 8075564067
ഇമെയിൽ : kooroppadagramapanchayat@gmail.com

## അസിസ്റ്റന്റ് പൊതുവിവര ഓഫീസർ (PIO)

അനീഷ് വർമ്മ പി ഐ
ഹെഡ് ക്ലാർക്ക് , കൂരോപ്പട ഗ്രാമപഞ്ചായത്ത് , കൂരോപ്പട പി ഒ, കോട്ടയം
ഫോൺ : 9074248214
ഇമെയിൽ :  kooroppadagramapanchayat@gmail.com

## അപ്പലേറ്റ് അതോറിറ്റി

ജോയ് മാത്യു
പഞ്ചായത്ത് അസി.ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം
ഫോൺ : 9496044601
ഇമെയിൽ :jdlsgdktm@gmail.com

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയ്ക്ക് ബാധകമായ നിബന്ധനകളും

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾ/ സേവനങ്ങൾ

| ക്രമ നം | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട വിധം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | ലഭ്യമാക്കുന്ന സമയപരിധി | അടയ്ക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | സ്വഭാവ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | 1 മണിക്കൂർ | ഫീസ് ഇല്ല |
| 2 | റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ് | അന്നേദിവസം | ഫീസ് ഇല്ല |
| 3 | തൊഴിൽ രഹിതൻ ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ ക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 4 | പേരിലോ വീട്ടു പേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | ബന്ധപ്പെട്ട രേഖകൾ സഹിതം , വാർഡ് മെമ്പറുടെ അഭിപ്രായക്കുറിപ്പോടൊ യാവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |

| | | | | | |
|---|---|---|---|---|---|
| 5 | ലൈഫ് സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേമെന്റ് ഓർഡർ സഹിതം അപേക്ഷിക്കണം | 1 മണിക്കൂർ | ഫീസ് ഇല്ല |
| 6 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതരാണെന്നു സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 7 | റ്റി.സി നഷ്ടപ്പെട്ടവർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 8 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ മരണം സംബന്ധിച്ച് സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 9 | സ്റ്റേറ്റുമെന്റുകളും പ്രസ്താവനകളും സത്യമാണെന്ന സാക്ഷ്യപത്രം | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | അപേക്ഷകൻ നേരിട്ട് ഹാജരായി പ്രസിഡന്റ് മുമ്പാകെ ഒപ്പിടണം | അന്നേദിവസം | ഫീസ് ഇല്ല |
| 10 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, പിൻതുടർച്ചാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | 1.അപേക്ഷകൻ പ്രസിഡന്റുമുമ്പാകെ നേരിട്ട് ഹാജരാകണം.<br>2.സാക്ഷ്യപ്പെടുത്തേണ്ട പകർപ്പുകളുടെ അസ്സൽ ഹാജരാക്കണം | അന്നേദിവസം | ഫീസ് ഇല്ല |
| 11 | വയസ്സ് തെളിയിക്കുന്ന രേഖകളോ സർട്ടിഫിക്കറ്റുകളോ ഇല്ലാത്ത സാഹചര്യത്തിൽ വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽക്കുറിപ്പോടെ ആവണം അപേക്ഷ നൽകേണ്ടത്. | അന്നേദിവസം | ഫീസ് ഇല്ല |
| 12 | ഒപ്പം പകർപ്പുകളും സാക്ഷ്യപ്പെടുത്തൽ | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | 1.അപേക്ഷകൻ പ്രസിഡന്റുമുമ്പാകെ നേരിട്ട് ഹാജരാകണം.<br>2.സാക്ഷ്യപ്പെടുത്തേണ്ട പകർപ്പുകളുടെ അസ്സൽ ഹാജരാക്കണം | അന്നേദിവസം | ഫീസ് ഇല്ല |
| 13 | സബ്സിഡി അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ | അപേക്ഷയോടൊപ്പം റേഷൻകാർഡിന്റെ പകർപ്പും ഹാജരാക്കണം | അന്നേദിവസം | ഫീസ് ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | അപേക്ഷ | | | |
| 14 | വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിനായി കുടുംബബന്ധം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | റേഷൻ കാർഡ് , വിവിഹ സർട്ടിഫിക്കറ്റ്, ഐഡന്റിറ്റി കാർഡ് തുടങ്ങി ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കണം. | അന്നേദിവസം | ഫീസ് ഇല്ല |
| 15 | പൊതു പരാതികൾ | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ | ഇല്ല | | ഫീസ് ഇല്ല |

| സേവനം ലഭ്യമാകുന്ന ഓഫീസ് : ഗ്രാമപഞ്ചായത്ത് ഓഫീസ് | | | |
|---|---|---|---|
| ക്രമ. നം | ലഭ്യമാകുന്ന സേവനം | ഹാജരാക്കേണ്ട രേഖകൾ/ മറ്റ് നിബന്ധനകൾ | സേവനം ലഭ്യമാകുന്ന ദിവസവും അടയ്ക്കേണ്ട ഫീസും |
| 1 | ജനനം/മരണം/ നിർജീവ ജനനം രജിസ്ട്രേഷൻ (നടന്ന് 21ദിനങ്ങൾക്കകം) | ജനന/ മരണ/ നിർജീവ ജനന റിപ്പോർട്ട്.<br>യാത്രയ്ക്കിടയിൽ സംഭവിച്ചതാണെങ്കിൽ സത്യപ്രസ്ഥാവന.<br>അസ്വാഭാവികമരണം ആണെങ്കിൽ പോലീസ് റിപ്പോർട്ട് | 7 ദിനങ്ങൾക്കകം<br>ഇല്ല |
| 2 | ജനനം/ മരണം/ നിർജീവ ജനനം രജിസ്ട്രേഷൻ<br>(നടന്ന് 21 ദിനങ്ങൾക്കു ശേഷം 30ദിനങ്ങൾക്കകം) | ജനന/മരണ/നിർജീവ ജനന റിപ്പോർട്ട്.<br>രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ട്കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>അസ്വാഭാവികമരണം ആണെങ്കിൽ പോലീസ് റിപ്പോർട്ട് | 7 ദിനങ്ങൾക്കകം<br>ലേറ്റ് ഫീ 2 രൂപ |
| 3 | ജനനം/മരണം രജിസ്ട്രേഷൻ (30 ദിനങ്ങൾക്കു ശേഷം ഒരു വർഷത്തിനകം) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.നോൺഎവൈലബിലിറ്റി സർട്ടിഫിക്കറ്റ്/ജനന മരണം താമസിച്ച് രജിസ്റ്റർചെയ്യുന്നതിനുള്ള സത്യവാങ്മൂലം എന്നിവ സമർപ്പിക്കേണ്ടതാണ് | അനുമതി ലഭിച്ച് 7 ദിനങ്ങൾക്കകം<br>5 രൂപ (ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ചശേഷം) |
| 4 | ജനനം/മരണം രജിസ്ട്രേഷൻ ( ഒരു വർഷത്തിനു ശേഷം) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് .നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി | അനുമതി ലഭിച്ച് 7 ദിനങ്ങൾക്കകം<br>10 രൂപ |
| 5 | വിദേശത്തു നടന്ന ജനനം രജിസ്ട്രേഷൻ (60 ദിവസത്തിനകം) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് .ജനന റിപ്പോർട്ട്<br>ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 200 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം<br>മാതാപിതാക്കളുടെയും കുട്ടിയുടെയും പാസ്പോർട്ടിന്റെ പകർപ്പ്<br>കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് (ഇന്ത്യൻ കോൺസിലേറ്റിന്റേത് ) | 15 ദിനങ്ങൾക്കകം<br>ഇല്ല |

| | | | |
|---|---|---|---|
| 6 | വിദേശത്തു നടന്ന ജനനം രജിസ്ട്രേഷൻ (ജനനത്തീയതി മുതൽ 60 ദിവസത്തിനുശേഷം 1 കൊല്ലം വരെ) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് .മുകളിലെ 1,2,3,4 നമ്പർ പ്രകാരമുള്ള രേഖ<br>വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് – നോട്ടറി ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്<br>നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കരസ്ഥമാക്കണം<br>ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി(1 കൊല്ലം വരെ)<br>സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി (1 കൊല്ലത്തിനു ശേഷം) | 15 ദിവസങ്ങൾക്കകം<br>1 വർഷം വരെ 5 രൂപ<br>1 വർഷത്തിനു ശേഷം 10 രൂപ |
| 7 | ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ | ജനന റിപ്പോർട്ട്<br>ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ്<br>മാതാപിതാക്കളുടെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ | 5 ദിവസങ്ങൾക്കകം<br>21 ദിനത്തിനകം ഫീസില്ല<br>21 ദിനം–1 വർഷം 5 രൂപ<br>1 വർഷത്തിനു ശേഷം 10 രൂപ |
| 8 | കോടതി ഉത്തരവ് മുഖേനയല്ലാതെ ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ | ജനന റിപ്പോർട്ട്<br>വിശ്വസനീയരായ 2 വ്യക്തികളിൽ നിന്നുള്ള സത്യപ്രസ്താവന<br>മാതാപിതാക്കളുടെ താമസസ്ഥലം തെളി യിക്കുന്ന രേഖകൾ (റേഷൻ കാർഡ് ഇല ക്ഷൻ തിരിച്ചറിയൽ കാർഡ് )<br>എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br><br>ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി 30 ദിവസം മുതൽ (1 കൊല്ലം വരെ)<br>സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി (1 കൊല്ലത്തിനു ശേഷം) | അനുമതി ലഭിച്ച് 7 ദിവസങ്ങൾക്കകം<br>21 ദിനത്തിനകം ഫീസില്ല<br>21 ദിനം–1 വർഷം 5 രൂപ<br>1 വർഷത്തിനു ശേഷം 10 രൂപ |
| 9 | ജനന മരണ രജിസ്ട്രേഷൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജനനം മരണം നടന്ന സ്ഥലം, താമസ സ്ഥലം എന്നിവ തെളിയിക്കുന്ന രേഖ കൾ<br>ജനനം / മരണം സംബന്ധിച്ച് മതിയായ രേഖകൾ ലഭ്യമല്ലെങ്കിൽ പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് | 7 ദിവസങ്ങൾക്കകം<br>തിരച്ചിൽ ഫീസ് വർഷത്തേയ്ക്ക് 2 രൂപ,<br>സർട്ടി. ഫീ 2 രൂപ |

| | | | |
|---|---|---|---|
| 10 | ജനന-മരണ സർട്ടിഫി ക്കറ്റ് ലഭിക്കൽ | സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാണ് | 7 ദിവസങ്ങൾക്കകം<br>തിരച്ചിൽ ഫീസ് വർഷത്തേയ്ക്ക് 2 രൂപ,<br>സർട്ടി. ഫീ 2 രൂപ |
| 11 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്ത സമയത്തോ സ്കൂളിൽ ചേർക്കുന്നതിന് മുമ്പോ പേര് ചേർത്തിട്ടില്ലെങ്കിൽ) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. മാതാപിതാക്കളുടെ സംയുക്ത അപേക്ഷ മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖകൾ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>1 വർഷത്തിന് ശേഷം 5 രൂപ |
| 12 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (കുട്ടിയുടെ ജനനതിയ തിയും സ്കൂൾ രേഖ യിലെ ജനനതീയതിയും തമ്മിൽ പത്തു മാസത്തി വ്യത്യാസം ഉള്ളപ്പോൾ ജില്ലാ രജി സ്ട്രാറിൽ നിന്നുള്ള അനുമതി) | 1. അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ രജിസ്ട്രാർക്കും തദ്ദേശ<br>2.സ്കൂൾ രേഖയുടെ ശരിപ്പകർപ്പ്<br>3.ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം<br>4.ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനത്തീയതി, വയസ് തെളിയി ക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് സ്കൂൾ രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | 15 പ്രവർത്തി ദിവസങ്ങൾക്കകം<br>ജില്ലാ രജിസ്ട്രാറിൽ അനുമതി ലഭിച്ചശേഷം 5 രൂപ |
| 13 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (സ്കൂളിൽ ചേർത്തതിന് ശേഷം പേര് ചേർക്കുന്ന സംഗതികളിൽ) | 1. അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖകൾ<br>4. ജനനക്രമ സാക്ഷ്യപത്രം<br>5 ക്രമനമ്പർ സേവനയിനം 12 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ടെങ്കിൽ ആയത് പാലിക്കണം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>5 രൂപ |

| | | | |
|---|---|---|---|
| 14 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ<br>സ്കൂൾവിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ | 1. അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br><br>2. അപേക്ഷയിൽ ഒപ്പുവച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ<br>3. മാതാപിതാക്കളുടെയും കുട്ടിയുടെയും പേര് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>5 രൂപ |
| 15. | സ്കൂളിൽചേർക്കുന്നതിന് മുമ്പ് ജനന രജിസ്റ്ററിൽ ചേർത്ത് പേര് സ്കൂൾരേഖയിലെ പോലെ തിരുത്തൽ | 1. തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹ ചര്യം വ്യക്തമാക്കി കൊണ്ട് കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. സ്കൂൾ രേഖ<br>3. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ സത്യവാങ്മൂലം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>5 രൂപ |
| 16 | 1970 ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്<br>3. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനത്തീയതി, ജന നക്രമം, ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ചീഫ് രജിസ്ട്രാറിൽനിന്ന് അനുമതി ലഭിച്ച് 5 രൂപ |
| 17 | ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ<br><br>മാതാപിതാക്കളുടെ പേരുകൾ അവരുടെ സ്കൂൾ രേഖ പോലെ തിരുത്തുന്നതാണ്.<br><br>മേൽവിലാസം മറ്റൊരു മേൽ വിലാസമായി തിരുത്തുന്നതല്ല. | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. ജനനം/മരണം റിപ്പോർട്ട് ചെയ്ത അധികാരിയുടെ തിരുത്തൽ കത്ത്<br>3. മാതാപിതാക്കളുടെയോ രജിസ്റ്റർ ചെയ്ത ആളുടെയോ പേര്, വിലാസം എന്നിവ തിരു ത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>4. സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്/ ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്<br>5. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ(വസ്തുതാപരമായ തിരുത്ത ലുകൾക്ക് )<br>6. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ്<br>7. തെളിവുകൾ രജിസ്ട്രാർക്ക് ബോധ്യം വരത്തക്ക വിധത്തിൽ | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | വിളിപ്പേരുകൾ അലിയാസ് ചേർത്ത് നൽകുന്നതാണ്.<br><br>ഗസ്റ്റ് വിജ്ഞാപനം വഴി മാറ്റി മാറ്റിയ പേരുകൾ ചേർക്കുന്നതല്ല. | ആയിരിക്കണം<br>8. കുട്ടിയുടെ പേരിലെ ഇനിഷ്യ വർദ്ധിപ്പിക്കുന്നതിന് 100 മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം<br><br>9. ജനനസമയത്ത് ചേർത്ത് ഓമന പേര് മാറ്റി നൽകാൻഅപേക്ഷിക്കാവുന്നതാണ്. 10. തിരുത്തൽവരുത്തേണ്ട വസ്തുതകളെ സംബന്ധിച്ച സത്യപ്രസ്താവനയും രേഖകളും. | ഇല്ല |
| 18 | 1970 ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുക ളിലെ തിരുത്തലുകൾക്കുള്ള അനുമതി | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റ റിന്റെ പ്രസക്തഭാഗത്തിന്റെ ശരിപ്പകർപ്പ്<br>3. സ്കൂൾ രേഖയുടെ ശരിപ്പകർപ്പ്<br>4. ജനനക്രമം,വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം<br>5. ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ നിന്നുള്ള സാക്ഷ്യപത്രം.<br>6. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ<br>7. ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി തിരുത്തൽ കത്തും ജനന രജിസ്ട്രേഷ നിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ പകർപ്പും<br>8. തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന മറ്റ് ആധികാരികരേഖകളുടെ സാക്ഷ്യപ്പെ ടുത്തിയ പകർപ്പുകൾ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br><br>ഇല്ല |
| 19 | ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 15 ദിവസത്തിനുള്ളിൽ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. വയസ് തെളിയിക്കുന്ന രേഖകൾ<br>3. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ | 7 ദിവസങ്ങൾക്കകം<br><br>ഇല്ല |

| | | | |
|---|---|---|---|
| 20 | ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ ദിവസങ്ങൾക്കകം<br>3. വയസ് തെളിയിക്കുന്ന രേഖകൾ<br>4. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ | 7 ദിവസങ്ങൾക്കകം<br>ഇല്ല |
| 21 | ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസങ്ങൾക്ക് ശേഷം) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2.വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ<br>3. പേര്, വയസ് തെളിയിക്കുന്ന രേഖകൾ<br>4. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെ ങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖ<br>5. കാലതാമസം മാപ്പാക്കുന്നതിന് സംയുക്ത അപേക്ഷ<br>6. വിവാഹം നടന്നത് സംബന്ധിച്ച തെളിവ് | ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച 7 ദിവസങ്ങൾക്കകം<br>ഇല്ല |
| 22 | ഹിന്ദു വിവാഹ രജിസ്ട്രേഷനിലെ തിരുത്തലുകൾ | 1 കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ.<br>2 വിവാഹ രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ്<br>3. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖ കളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് 4 പേരിൽ വന്ന തെറ്റ് തിരുത്തുന്നതിന് വില്ലേ ജാഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ഇല്ല |
| 23 | ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ് | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ 2. 20 രൂപയുടെ മുദ്രപത്രം (ആവശ്യമുണ്ടെങ്കിൽ മാത്രം) | 7 ദിവസങ്ങൾക്കകം<br>10 രൂപ |

| | | | |
|---|---|---|---|
| 24 | വിവാഹം നടന്ന് 5 കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ (2008 ലെ കേരള പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. അക്ഷയ കേന്ദ്രം വഴിയുള്ള ഓൺ ലൈൻ സേവനം ഉപയോഗപ്പെടുത്തണം<br>2. വയസ് തെളിയിക്കുന്ന രേഖകൾ<br>3. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യപത്രം വിവാഹം കഴിഞ്ഞ് അല്ലെങ്കിൽ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫാറം നമ്പർ 2) | 7 ദിനങ്ങൾക്കകം<br>ഫീസ് 100 രൂപ BPL/ എസ്.സി. 10 രൂപ<br>സർട്ടി ഫീസ് –20<br>വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞാൽ 100 രൂപ പിഴ |
| 25 | വിവാഹം നടന്ന് 5 വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ (2008 ലെ കേരള പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രാർ ജനറലിനുള്ള അപേക്ഷ<br>3. വയസ് തെളിയിക്കുന്ന രേഖകൾ<br>4. വിവാഹം നടന്നതിന്റെ തെളിവായി മതാധി കാര സ്ഥാപനത്തിന്റെ സാക്ഷ്യ പത്രം അല്ലെങ്കിൽ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫാറം നമ്പർ 2) | രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച ശേഷം 7 ദിനങ്ങൾക്കകം<br>രജിസ്ട്രേഷൻ ഫീസ്100 രൂപ<br>പിഴ – 250 രൂപ<br>സർട്ടി. ഫീസ് –20<br>(അധിക സർട്ടി.25 രൂപ) |
| 26 | വിവാഹ രജിസ് ഷനിലെ തിരുത്തലു കൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായവ സംഗ തികളിൽ ഒഴിച്ച്) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റക ളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്ന തിനുള്ള ആധികാരിക രേഖകൾ<br>3. ഫീസ് അടച്ച വിവരങ്ങൾ | 5 പ്രവർത്തി ദിവസങ്ങൾക്കകം<br>ഫീസ് 100 രൂപ ക്ലറിക്കൽ പിശകുകൾക്ക് ഫീസില്ല |
| 27 | വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്ന തിനുള്ള ആധികാരിക രേഖകൾ<br>3. ഫീസ് അടച്ച വിവരങ്ങൾ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>100 രൂപ |

| | | | |
|---|---|---|---|
| 28 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. പ്രായം തെളിയിക്കുന്ന ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട് എന്നിവ യിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പോ ഇവ ലഭ്യ മല്ലെങ്കിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സാക്ഷ്യപത്രമോ ഹാജരാക്കണം,<br>3. സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ് – മേൽവിലാസം കാണിക്കുന്ന മറ്റ് ഏതെ ങ്കിലും രേഖയുടെ പകർപ്പ്<br>4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് ആധാർ കാർഡ് ഫോട്ടോ പതിച്ച മറ്റേ തെങ്കിലും രേഖകൾ)<br>5. 1,00,000 രൂപ വരെ വാർഷിക വരുമാനം<br>6. കേരള സംസ്ഥാനത്ത് 3 വർഷമെങ്കിലും സ്ഥിരതാമസമുണ്ടായിരിക്കണം.<br>7 ആധാർ കാർഡിന്റെ പകർപ്പ് ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്<br>9 കിടപ്പുരോഗിയാണെങ്കിൽ മതിയായ രേഖകൾ ഹാജരാക്കണം | 40ദിവസങ്ങൾക്കകം<br><br>ഇല്ല |
| 29 | അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ വിവാഹ മോചിതയാണങ്കിൽ വിവാഹ മോചനം നേടിയതിന്റെ രേഖയോ<br>3. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേ ക്ഷകൻ ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളി യിക്കുന്ന രേഖകൾ<br>4. തിരിച്ചറിയൽ രേഖ<br>5. കുടുംബവാർഷിക വരുമാനം 1,00,000 രൂപ<br>6. ഭർത്താവിനെ കാണാതായി 7 വർഷം കഴി ഞ്ഞവർക്കും പെൻഷന് അപേക്ഷിക്കാം. രേഖ ഹാജരാക്കണം.<br>7. ആധാർ കാർഡിന്റെ പകർപ്പ് ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്<br>8. കിടപ്പുരോഗിയാണെങ്കിൽ മതിയായ രേഖകൾ ഹാജരാക്കണം | 40 ദിവസങ്ങൾക്കകം<br><br>ഇല്ല |
| 30 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗ വൈകല്യം സംഭവിച്ച വർ, മാനസിക വെല്ലുവി ളികൾ നേരിടുന്നവർ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3. പഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ<br>4. വികലാംഗത്വം തെളിയിക്കുന്ന രേഖ (മെഡിക്കൽ ബോർഡിന്റെയോ | 40 ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | | സാമൂഹ്യസുരക്ഷാ മിഷന്റെയോ സാക്ഷ്യപത്രം)<br>5. കുടുംബവാർഷിക വരുമാനം– 100,000 രൂപ<br>6.ആധാർ കാർഡിന്റെ പകർപ്പ്<br>7. ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്<br>8. കിടപ്പുരോഗിയാണെങ്കിൽ മതിയായ രേഖകൾഹാജരാക്കണം<br>9. അസ്ഥി വൈകല്യം ചുരുങ്ങിയത് 40% അന്ധർ 6 60 അഥവാ 20/200 ല്ലനിൽ അധികരിക്കാത്തത്. ബധിരർ – കേൾവി 90 ഡെസിബെല്ലിൽ കുറഞ്ഞത് – മാനസിക വൈകല്യം – ഐ.ക്യൂ. 50 ൽ താഴെ | ഇല്ല |
| 31 | കർഷക തൊഴിലാളി പെൻഷൻ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം<br>3. പ്രായം തെളിയിക്കുന്ന രേഖ<br>4. ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമാണെന്ന് തെളി യിക്കുന്ന രേഖ<br>5. കുടുംബവാർഷിക വരുമാനം – 100000 രൂപ<br>6. 60 വയസ് പൂർത്തിയായിരിക്കണം<br>7. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം<br>8. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ<br>9.ആധാർ കാർഡിന്റെ പകർപ്പ് ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്<br>10 കിടപ്പുരോഗിയാണെങ്കിൽ മതിയായ രേഖകൾ ഹാജരാക്കണം | 40ദിവസങ്ങൾക്കകം<br>ഇല്ല |
| 32 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത രായ സ്ത്രീകൾക്കുള്ള പെൻഷൻ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ വില്ലേജ് ആഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>3. തിരിച്ചറിയൽ രേഖ<br>4. കുടുംബവാർഷിക വരുമാനം 100,000 രൂപ<br>5. 50 വയസ് പൂർത്തിയായിരിക്കണം<br>6. കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം<br>7. ആധാർ കാർഡിന്റെ പകർപ്പ്/ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് | 40 ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | | 8. കിടപ്പരോഗിയാണെങ്കിൽ മതിയായ രേഖകൾഹാജരാക്കണം | ഇല്ല |
| 33 | തൊഴിൽ രഹിത വേതനം | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യപ്പെട്ടുത്തിയ പകർപ്പ്<br>3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്<br>4. പഞ്ചായത്തിൽ സ്ഥിരതാമസം സംബന്ധിച്ച രേഖ<br>5. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്<br>6. വികലാംഗ സർട്ടിഫിക്കറ്റ് (ബാധകമായവർക്ക് മാത്രം)<br>7. എസ്.എസ്.എൽ.സി. പാസായിരിക്കണം. പട്ടിക ജാതി/പട്ടികവർഗ്ഗ : വികലാംഗർ എന്നീ വിഭാഗ ക്കാർക്ക് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഹാജരായാലും പരിഗണിക്കാം.<br>8. കുടുംബവാർഷിക വരുമാന പരിധി 12,000 രൂപയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്.<br>9. പ്രായം 18 നും 35 നും മദ്ധ്യ<br>10. എംപ്ലോയിമെന്റ് രജിസ്ട്രേഷൻ – 18 വയസ്സിന് ശേഷം തുടർച്ചയായി വികലാംഗർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോറിറ്റിയും വേണം<br>11. യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ പുനർ രജി ഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം | 30 പ്രവർത്തി ദിവസങ്ങൾക്കകം<br>ഇല്ല |
| 34 | സാധുക്കളായ വിധവ കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ (ബാധകമായ സംഗതികളിൽ) 3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്<br>4. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ള കടലാസിൽ എഴുതിയ അച്ചടിച്ച് പ്രതി ശ്രുത വരന്റെ സത്യവാങ്മൂലം<br>5. വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ | 30 ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | | സ്ഥിരതാമസക്കാരിയാണെന്ന രേഖ<br>6. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷി ക്കാത്ത പക്ഷം കാലതാമസം മാപ്പാക്കുന്ന തിനുള്ള അപേക്ഷ (പരമാവധി ഒരു വർഷം<br>7. വിവാഹദിവസം പെൺകുട്ടിക്ക് 18 വയസ് കഴിഞ്ഞിരിക്കണം.<br>8. കുടുംബവാർഷിക വരുമാനം 100000<br>9. സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000 രൂപയിൽ കവിയരുത്. | ഇല്ല |
| 35 | കെട്ടിട നിർമ്മാണ പെർമിറ്റുകൾ (പുതിയവയും ഉപയോഗമാറ്റത്തിനും) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. ആധാരം പട്ടയത്തിന്റെ പകർപ്പ്<br>3. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>4. ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്<br>5. പ്ലാൻ<br>6. ബിൽഡിംഗ് ലൈസൻസി യുടെ ലൈസൻസിന്റെ പകർപ്പ്<br>7.കൈവശരേഖകളിൽ വസ്തു പുരയിട മായിരിക്കണം | 15 ദിവസം<br>KPBR പട്ടിക 2 പ്രകാരം |
| 36 | ഒക്യുപെൻസി സർട്ടിഫിക്കറ്റ് | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>രണ്ട് യൂണിറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് ഫോറം ഇ യിൽ ഉള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ്<br>2. വാസഗൃഹങ്ങൾ അല്ലാത്തവർക്കും രണ്ട് യൂണിറ്റിൽ കൂടുതലുള്ള വാസഗൃഹ ങ്ങൾക്കും ഫോറം ഇ യിലും എഫ് ലും ഉള്ള കാപ്ലീഷൻ സർട്ടിഫിക്കറ്റ്. | 15 ദിവസം<br>ഇല്ല |
| 37 | കിണർ നിർമ്മിക്കൽ പെർമിറ്റ് | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന ഉദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും അതിരുകളിൽ നിന്നുള്ള ദൂരം 7.5 മീറ്റർ ചുറ്റളവിൽ ഉള്ള തായ മറ്റ് നിർമ്മിതികളുടെ വിവരവും വ്യക്തമാക്കണം)<br>3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെ പകർപ്പ്<br>5. കൈവശ സർട്ടിഫിക്കറ്റ് | 15 ദിവസങ്ങൾക്കകം<br>10 രൂപ |
| 38 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | 1 കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ,<br>വസ്തു കൈമാറ്റം ചെയ്ത വ്യക്തിയുടെയും കൈമാറി കിട്ടിയ വ്യക്തിയുടെയും അപേക്ഷകൾ<br>2. അനുവദിക്കപ്പെട്ട പെർമിറ്റിന്റെ അസ്സൽ<br>3. സ്ഥലം കൈമാറ്റം നടത്തിയത് തെളിയി ക്കുന്ന രേഖകളുടെ പകർപ്പ് | 15 ദിവസം<br>100രൂപ |

| | | | |
|---|---|---|---|
| 39 | മതിൽ വേലി – പൊതുവഴിയോടും പൊതുസ്ഥല ത്തോടും അതിർത്തികളിൽ നിർമ്മി ക്കുന്നതിന് | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. അപേക്ഷാ ഫീസ് 5 രൂപ അടച്ചതിന്റെ രസീത്<br>3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെ പകർപ്പ്<br>5. കൈവശ സർട്ടിഫിക്കറ്റ്<br>6. സൈറ്റ് പ്ലാൻ | 15 ദിവസം<br>അപേക്ഷാ ഫീസ് 10 രൂപ, പെർമിറ്റ് ഫീസ് 3 രൂപ |
| 40 | ടെലി കമ്മ്യൂണിക്കേഷൻ ടവർ പെർമിറ്റ് | 1. കെ.പി.ബി.ആർ. ചട്ടം അനുബന്ധം എ യി ലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്<br>2. അപേക്ഷാ ഫീസ് ടവറിന് 10000 രൂപ പോൾ സ്ട്രക്ചർ ആണെങ്കിൽ 2500 രൂപ അടച്ചതിന്റ് രസീത്<br>3. സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലിവേഷൻ സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ<br>4. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ<br>5. അപേക്ഷകൻ സ്ഥലം ഉടമയല്ലെങ്കിൽ ലീസ് എഗ്രിമെന്റ് പകർപ്പ്<br>6. ടവറിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടി ഫിക്കറ്റ്, കെട്ടിടത്തിന്റെ മുകളിലാണെങ്കിൽ കെട്ടിടത്തിന്റെയും ടവറിന്റെയും സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്<br>7. വാർത്താവിനിമയ വകുപ്പുമായുള്ള എഗ്രിമെന്റിന്റെ പകർപ്പ് | 15 ദിവസം<br>അനുബന്ധ കെട്ടിടങ്ങൾക്ക് പട്ടിക 2 പ്രകാരം |
| 41 | കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ് കാലാവധി നീട്ടൽ/ പുതുക്കൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. ഒറിജിനൽ പെർമിറ്റിന്റെ പകർപ്പ് | 15 ദിവസം<br>കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക കാലാവധികഴിഞ്ഞ് 1 വർഷത്തിനുള്ളിൽ |
| 42 | വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ച് നീക്കിയ കെട്ടിടങ്ങൾ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. അപേക്ഷ നൽകുന്ന തീയതി മുതൽ മാത്രമേ നികുതി ഒഴിവാകുകയുള്ളൂ | 15 ദിവസം<br>ഇല്ല |
| 43 | പെർമിറ്റ്പ്രകാരം പണിത കെട്ടിടത്തിന് നമ്പർ നൽകൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. വസ്തു നികുതി ചട്ടം ഫാറം 2 ലുള്ള റിട്ടേൺ | 15 ദിവസം<br>ഇല്ല |

| | | | |
|---|---|---|---|
| 44 | കെട്ടിടത്തിന് നമ്പർ നൽകൽ(പെർമിറ്റ്ആവശ്യമില്ലാത്ത കെട്ടിടങ്ങൾ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. എ2 ഫോറവും അനുബന്ധരേഖകളും നൽകിയിട്ടില്ല എങ്കിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാ ക്കണം<br>– കെട്ടിടത്തിന്റെ വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ്<br>–സ്ഥലത്തിന്റെ അതിരുകൾവ്യക്തമാക്കുന്ന റഫ് സൈറ്റ് സ്കെച്ച്<br>–ആധാരത്തിന്റെ പകർപ്പ്<br>–പൊസഷൻ സർട്ടിഫിക്കറ്റ്<br>–ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്<br>3. വസ്തു നികുതി ചട്ടം 2 ലുള്ള റിട്ടേൺ<br>4.കൈവശരേഖകളിൽവസ്തു പുരയിടമായിരിക്കണം | 15 ദിവസം<br>ഇല്ല |
| 45 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം അപേക്ഷ | 15 ദിവസം<br>ഇല്ല |
| 46 | നികുതിയിന്മേലുള്ള അപ്പീൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. നികുതി അടച്ച രസീതിന്റെ കോപ്പി | 45 ദിവസം<br>ഇല്ല |
| 47 | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ | 7 ദിവസം<br>ഇല്ല |
| 48 | ഉടമസ്ഥാവകാശം/ സർട്ടിഫിക്കറ്റുകൾ നൽകൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2.നികുതി കുടിശ്ശിക ഉണ്ടാകാൻ പാടില്ല. | അന്നേ ദിവസം<br>ഇല്ല |
| 49 | താമസ സർട്ടിഫിക്കറ്റ് നൽകൽ | 1.കെ സ്മാർട്ട് മുഖേന അപേക്ഷ<br>2.അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/ രണ്ടുപേരും കൂടി ഒപ്പുവെച്ച വാടക കരാർ<br>3.സ്ഥിരതാമസം സംബന്ധിച്ച രേഖ(റേഷൻ കാർഡ്/മറ്റ് ഗവ അംഗീകൃത രേഖ)<br>4.ഹരിത കർമ്മ സേനയുടെ യൂസർഫീ അടവാക്കിയ രസീത് | 7 ദിവസം |

| | | | |
|---|---|---|---|
| 50 | ബി പി എൽ സർട്ടിഫിക്കറ്റ് | 1. വി.ഇ.ഓ യുടെ റിപ്പോർട്ട് സഹിതം കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് | 3 പ്രവർത്തി ദിവസം |
| 51 | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ കെട്ടിട ഉടമയും മുൻഉടമയും സംയുക്തമായി തയ്യാറാക്കിയത്<br>2. സംയുക്ത അപേക്ഷ സാധ്യമല്ലാത്ത സംഗതികളിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് 30 ദിവസം സമയം നൽകി നോട്ടീസ് നൽകണം<br>3.ആധാരത്തിന്റെ പകർപ്പ്,തൻവർഷം ഭൂനികുതി അടവാക്കിയ രസീത്,കൈവശാവകാശ സർട്ടിഫിക്കറ്റ്<br>4. കോടതി വിധിയോ ലേല പ്രകാരമോ ഉള്ള വില്പനയിൽ ടി ഉത്തരവുകളുടെ പകർപ്പ്(സാക്ഷ്യപ്പെടുത്തിയത്.)<br>5. കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പിൻതുടർച്ചാവകാശം സംബന്ധിച്ച് ആവശ്യമായ രേഖകൾ. | 30 ദിവസം<br><br>ആധാരം രസിസ്ട്രേഷൻ നടത്തിയശേഷം 3 മാസത്തിനകം അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ 500/- രൂപ പിഴ അടയ്ക്കേണ്ടതാണ്. |
| 52 | ഫാക്ടറികൾ,വ്യവസായ സ്ഥാപനങ്ങൾ,വർക്ക്ഷോപ്പുകൾമുതലായവയുടെ ഇൻസ്റ്റലേഷൻപ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയി ക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്<br>3. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ അപേക്ഷകന് നിശ്ചിത സ്ഥലത്ത് നിർമ്മാണ ത്തിനും ഉപയോഗത്തിനും അനുവദിച്ചു കൊണ്ടുള്ള സ്ഥലമുടമയുമായുള്ള കരാറിന്റെ പകർപ്പ്<br>4. 1948 ലെ ഫാക്ടറീസ് ആക്ടുമായി ബന്ധ പ്പെട്ട കാര്യങ്ങളിൽ ഫാക്ടറി ഇൻസ്പെകറുടെയോ അല്ലെങ്കിൽ ഇൻഡസ്ട്രീസ്, എക്സ്റ്റൻഷൻ ഓഫീസറുടെയോ പദവി യിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിപ്പോർട്ട്<br>5. ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് (മലിനീകരണത്തിന് സാധ്യതയുള്ള പട്ടിക 5 പ്രകാരമുള്ള സംഗതികളിലും 25 കുതിര ശക്തിയിൽ കൂടുതൽ കണക്റ്റഡ് ലോഡ് വരുന്ന എല്ലാ സംഗതികളിലും) എന്നാൽ ഏതൊരു കാര്യത്തിലും മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് മലിനീകരണ നിയന്ത്ര ബോർഡോ അല്ലെങ്കിൽ അധികാരപ്പെ ടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ നൽകുന്ന റിപ്പോർട്ട് ഹാജരാക്കുന്ന / ലഭിക്കുന്ന സംഗതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവ ശ്യമില്ലാത്തതാണ് )<br>6. തീ പിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>7. കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള അപേക്ഷ | മറ്റ് സ്ഥാപനങ്ങ ളിൽ നിന്ന് നിര ക്ഷേപ സാക്ഷ്യ പ്രതം ആവശ്യമി ല്ലാത്ത സംഗതികളിലും അപേക്ഷകൻ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സംഗതികളിലും 30 ദിവസം<br><br>മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതികളിൽ അപേക്ഷ ലഭിച്ച തീയതി മുതൽ 60 ദിവസം |

| | | | |
|---|---|---|---|
| | | 8. 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (100 മീറ്റർ റേഡിയസിലുള്ള ആരാധനാലയ ങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താമസ സ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തിയിരിക്കണം.<br>9. എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവർക്ക് ജില്ലാ കളക്ടറുടെ അനുവാദപത്രം | |
| 53 | സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പും അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ കൈവശം അനുവദിച്ചുകൊണ്ടുള്ള സ്ഥലമുടമയുടെ പക്കൽ നിന്നുള്ള രേഖ<br>3. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫി ക്കറ്റ് (എന്നാൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 10 (14) ൽ വരുന്ന വിഭാഗങ്ങൾക്ക് 100 ചതുരശ്രമീറ്റർ വരെ ഒക്യുപൻസി സർട്ടിഫിക്കറ്റ് ആവശ്യമില്ല. സ്ഥലത്തിന്റെ അനുയോജ്യതമാത്രം ഉറപ്പാക്കിയാൽമതി) | പട്ടിക 1 ലെ വ്യാപാരങ്ങൾക്ക്പട്ടിക 2 പ്രകാരവും,യന്ത്രസാമഗ്രികൾക്ക് കൾക്ക് പട്ടിക 3, 4 പ്രകാരവും<br>7 ദിവസം |
| 54 | പട്ടി,പന്നി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ്(1998 ലെ കേരള പഞ്ചായത്ത് രാജ് (പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ | 1.വളർത്തുന്നതിന് ഉദ്ദേശിക്കുന്ന മൃഗത്തിൻറെ പ്രായം,നിറം,ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് കെ സ്മാർട്ട് വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>2.പേപ്പട്ടി വിഷബാധക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ടെന്ന് ഒരു മൃഗ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്. | 3 ദിവസം |
| 55 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ (ചട്ടം 3, ഫോറം 2)<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയി ക്കുന്ന രേഖകൾ<br>3. അപേക്ഷകൻ കെട്ടിട ഉടമയല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം<br>4. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പകർപ്പ് | 15 ദിവസം<br>രജിസ്ട്രേഷൻ ഫീസ് – 200 രൂപ<br>പുതുക്കുന്നതിന്–50 രൂപ<br>പകർപ്പിന്–50 രൂപ |
| 56 | സ്വകാര്യ ആശുപത്രി കൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ കെട്ടിട ഉടമയല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം<br>4. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ആവശ്യമായ സംഗതികളിൽ<br>ഒക്യുപൻസി സർട്ടിഫിക്കറ്റ് | 15 ദിവസം<br>രജിസ്ട്രേഷൻ ഫീസ് – 200 രൂപ<br>പുതുക്കുന്നതിന്–100 രൂപ |
| 57 | തൊഴിൽ കാർഡ് രജിസ്ട്രേഷൻ (വിബി– | 1. നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2.അപേക്ഷകൻ കുരോപ്പട ഗ്രാമപഞ്ചായത്തിലെ സ്ഥിര | 14 പ്രവർത്തി ദിവസം |

| | | | |
|---|---|---|---|
| | ജിറാംജി ആക്റ്റ് 2025 പ്രകാരം) | താമസക്കാരനായിരിക്കണം<br>3.കുരോപ്പട ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കാർഡിൽ അപേക്ഷകൻറെ പേര് ഉൾപ്പെട്ടിരിക്കണം.അപേക്ഷയോടൊപ്പം റേഷൻ കാർഡിൻറെ പകർപ്പ് ഉൾപ്പെടുത്തണം.<br>4.അപേക്ഷകൻറെ ആധാർകാർഡ് കോപ്പി<br>5.അപേക്ഷകൻറെയും തൊഴിൽ കാർഡിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന അംഗങ്ങളുടെയും രണ്ട് ഫോട്ടോ വീതം<br>6.ദേശസാൽകൃത ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൌണ്ടിൻറെ പാസ്സ് ബുക്ക് കോപ്പി | ഇല്ല |
| 58 | തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ (വിബി-ജിറാംജി ആക്റ്റ് 2025 പ്രകാരം) | 1.നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2.അപേക്ഷയിൽ തൊഴിൽകാർഡ് നമ്പർ രേഖപ്പെടുത്തിയിരിക്കണം<br>3.തൊഴിലിനായി മുൻകൂർ അപേക്ഷ സമർപ്പിക്കുന്നവർ ഏത് തീയതി മുതലാണ് തൊഴിൽ വേണ്ടതെന്ന് അപേക്ഷയിൽ വ്യക്തമാക്കണം.<br>4. ദേശസാൽകൃത ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൌണ്ടിൻറെ പാസ്സ് ബുക്ക് കോപ്പി | അപേക്ഷിച്ച് 14 പ്രവർത്തി ദിവസം |